പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2731 28-10-2026-ൽ മറുപടിയ്ക്ക്

വാട്ടർ അതോറിറ്റിയുടെ പഴയ പൈപ്പുകൾക്ക് പകരം പുതിയത് സ്ഥാപിക്കൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. പി. കെ. ഫിറോസ്

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. എം. റഹ്മത്തുള്ള

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) വാട്ടർ അതോറിറ്റിയുടെ വളരെ പഴക്കമുള്ള പൈപ്പുകൾ പൊട്ടി ചോർച്ച ഉണ്ടാകാൻ സാധ്യതയുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(ബി) അത്തരം പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

മറുപടി: ഉണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു.

കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ കേരള വാട്ടർ അതോറിറ്റിയുടെ പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് ₹430.233 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ 11 സർക്കിളുകളിലായി 11 പദ്ധതികൾ മുഖേന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

അമൃത് 1.0 പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിൽ ഏകദേശം ₹245 കോടി രൂപ ചെലവിൽ പഴയ പൈപ്പുകൾ മാറ്റിസ്ഥാപിച്ചിട്ടുണ്ട്. അമൃത് 2.0 പദ്ധതിയുടെ ഭാഗമായി നഗരമേഖലകളിൽ നടപ്പിലാക്കിവരുന്ന

പ്രവൃത്തികളിലും പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനൊപ്പം പഴയതും കേടായതുമായ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പഴയ പൈപ്പുകൾ മാറ്റേണ്ട പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

മറുപടി: സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ നിലവിലുണ്ട്.നിലവിലുള്ള പൈപ്പുകളുടെ കാലപ്പഴക്കം, ജലവിതരണ ശൃംഖലയിലെ തടസ്സങ്ങൾ, ചോർച്ചയുടെ സാന്നിധ്യം, ചോർച്ച സംഭവിക്കുന്നതിന്റെ ആവൃത്തി തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ച് പൈപ്പുകൾ അടിയന്തരമായി മാറ്റി സ്ഥാപിക്കേണ്ട പ്രദേശങ്ങൾ കണ്ടെത്തി വരുന്നു.

(ഡി) പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡ് പൊളിക്കേണ്ടി വരുമ്പോൾ വീണ്ടും ടാർ ചെയ്യാനായി നിലവിൽ അനുവദിക്കുന്ന തുക വർദ്ധിപ്പിച്ചു നല്കാൻ നടപടി സ്വീകരിക്കുമോ?

മറുപടി: നിലവിൽ, റോഡ് വെട്ടിപ്പൊളിക്കേണ്ടിവരുന്ന സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളുടെ (പൊതുമരാമത്ത്/തദ്ദേശസ്വയംഭരണം) ഡിമാൻഡ് നോട്ടീസ് പ്രകാരമുള്ള തുക അടച്ച് ആവശ്യമായ അനുമതികൾ നേടിയ ശേഷമാണ് വാട്ടർ അതോറിറ്റി പ്രവൃത്തികൾ നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ